## പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6772** **13/07/2012 ൽ മറുപടിക്ക്**

**കുറഞ്ഞ വിലയ്ക്ക് ജീവൻരക്ഷാ മരുന്നുകൾ**

**ചോദ്യം**

ശ്രീ. വി. പി. സജീന്ദ്രൻ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. വർക്കല കഹാർ
ശ്രീ. പി. സി. വിഷ്ണുനാഥ്

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വില കൂടിയ ജീവൻരക്ഷാ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിൽ എത്തിക്കാൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ; | (എ) | മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിനായി കേരള സംസ്ഥാന സർക്കാരിന്റെ പൂർണ്ണമായ നിയന്ത്രണത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന ജനറിക് നാമത്തിലുള്ള മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികൾ മുഖേന രോഗികൾക്ക് സൌജന്യമായും, വിലകൂടിയതും ബ്രാൻഡഡ് ആയതുമായ മരുന്നുകൾ കോർപ്പറേഷന്റെതന്നെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന വളരെ കുറഞ്ഞ വിലയ്ക്കും ലഭ്യമാക്കുന്നുണ്ട്. |
| (ബി) | എത്ര ശതമാനം വില കുറച്ചാണ് പ്രസ്തുത മരുന്നുകൾ വിൽക്കുന്നത്; | (ബി) | വിപണിയിലുള്ളതിനേക്കാൾ 20% മുതൽ 90% വരെ വിലകുറവിൽ ബ്രാൻഡഡ് മരുന്നുകളും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന വിതരണം ചെയ്തു വരുന്നു. |
| (സി) | സ്പെഷ്യാലിറ്റി മരുന്നുകൾക്ക് എത്ര ശതമാനം വിലക്കുറവാണ് നൽകുന്നത്; | (സി) | കാൻസർ, പ്രമേഹരോഗം, കിഡ്നി സംബന്ധമായ അസുഖങ്ങൾ നാഡീ സംബന്ധമായ രോഗങ്ങൾ, ഹൃദ്രോഗം, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾക്കുള്ള സ്പെഷ്യാലിറ്റി മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഔട്ട്ലെറ്റുകൾ മുഖേന 90% വരെ വിലകുറവിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | എവിടെയെല്ലാം പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നു; വിശദമാക്കുമോ; | (ഡി) | രണ്ട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഔട്ട്ലെറ്റുകളാണ് ഇപ്പോൾ നിലവിലുള്ളത് ഒന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒ.പി.ക്കു സമീപവും മറ്റൊന്ന് കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും |
| (ഇ) | എല്ലാ മെഡിക്കൽ സ്റ്റോറുകളിലും ജില്ലാ ജനറൽ ആശുപത്രികളിലും ഇത് ഉടൻ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ നിലവിലുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും പുതുതായി ആരംഭിക്കുന്ന മെഡിക്കൽ കോളേജുകളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. തുടർന്ന് ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും തിരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിലും ഈ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ